# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പതിനേഴ്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

### (5)

Sat — സ്വർഗരാജ്യത്തെ സംബന്ധിച്ച ഉപദേശവും പ്രസംഗവും മാനസാന്തരത്തോടുകൂടെ ആരംഭിച്ചു (3:2; 4:17). മാനസാന്തരം അർഥമാക്കുന്നത് മനസ്സിന്റെ മാറ്റത്തെയാണ്. തന്മൂലം, രാജ്യം നമ്മുടെ മനസ്സോടുകൂടെ ആരംഭിക്കുന്നു. നമ്മുടെ മനസ്സിൽനിന്നും നമ്മുടെ ആത്മാവിലേക്ക് അത് കടക്കുന്നു (5:3). നമ്മുടെ മനസ്സിൽ നാം മാനസാന്തരപ്പെടുകയും നമ്മുടെ ആത്മാവിൽ നാം ദരിദ്രായിരിക്കുകയും വേണം. ഇതിനെത്തുടർന്ന് ദൈവത്തെ കാണുന്നതിന് നാം ഹൃദയശുദ്ധിയുള്ളരായിരിക്കണം (5:8). മനസ്സും, ആത്മാവും, ഹൃദയവും നമ്മുടെ ആന്തരിക ആളത്തത്തിന്റെ മൂന്ന് മുഖ്യമായ വശങ്ങളാണ്. നാം 4:17-നെ 5:3-12-നോട് ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, സ്വർഗരാജ്യത്തോടു ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ നാം കാണുന്നു. ആദ്യത്തെ മൂന്നെണ്ണം മനസ്സും, ആത്മാവും, ഹൃദയവുമാണെന്ന് നാം കണ്ടു. അടുത്തതായി നമുക്ക് സാധാരണമായ, ശരിയായ, ഉയർത്തപ്പെട്ട ഒരു വികാരം ആവശ്യമാണ്. വിലപിക്കുന്ന കാര്യത്തിൽ ഇത് കാണപ്പെടുന്നു (5:4), ഇത് നമ്മുടെ ക്രമീകരിക്കപ്പെട്ട വികാരത്തിൽനിന്നു വരുന്നു. നാം സൗമ്യതയുള്ളവരായിരിക്കേണ്ടതും ആവശ്യമാണ്; ഇതിന് ശക്തവും, സാധാരണവും, ശരിയായതുമായ ഒരു ഇച്ഛ ആവശ്യമാണ്. 5:6-ൽ സംസാരിച്ചിരിക്കുന്ന നീതിക്കായി വിശന്നു ദാഹിക്കുന്നത് നിർമ്മലവും ശരിയായതുമായ ഒരു ആഗ്രഹത്തിന്റെ കാര്യമാണ്. രാജ്യത്തിനുവേണ്ടി ഈ നീതിയെ നാം ആഗ്രഹിക്കണം. മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുന്നതിൽ നമ്മുടെ മനോഭാവം ഉൾപ്പെടുന്നു (5:7). മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവം കരുണയുള്ള ഒന്നായിരിക്കണം. നമുക്ക് ശരിയായ വികാരവും, ഇച്ഛയും, ആഗ്രഹവും, മനോഭാവവും ഉണ്ടെങ്കിൽ മറ്റുള്ളവരോട് സമാധാനമുണ്ടാക്കുവാൻ നാം പ്രാപ്തരായിരിക്കും. അങ്ങനെ, നമ്മുടെ മുഴുവൻ ആളത്തവും—നമ്മുടെ മനസ്സും,

ആത്മാവും, ഹൃദയവും, വികാരവും, ഇച്ഛയും, ആഗ്രഹവും, മനോഭാവവും—രാജ്യജീവിതത്തിനുവേണ്ടി വ്യായാമം ചെയ്യുന്നതായിരിക്കണം. ഈ എല്ലാ നന്മകളും നമുക്കുണ്ടായിരിക്കുമ്പോൾ ഉപദ്രവിക്കപ്പെടുവാൻ നാം യോഗ്യതയുള്ളവരാണ്. ഇവ നിങ്ങൾക്കില്ലെങ്കിൽ, ഉപദ്രവത്തെ ചെറുക്കുവാൻ നിങ്ങൾ പ്രാപ്തരായിരിക്കുകയില്ല. ആത്യന്തികമായി, ഈ എല്ലാ നന്മകളും ഉണ്ടായിരിക്കുന്നതിലൂടെ യോഗ്യരായിരിക്കുന്നർ നീതിനിമിത്തം ഉപദ്രവിക്കപ്പെടുമെന്നു മാത്രമല്ല, ക്രിസ്തുനിമിത്തം നിന്ദിക്കപ്പെടുകയും ചെയ്യും. ഇതാണ് രാജ്യജനത്തിന്റെ പ്രകൃതം.

5:3-12-ലുള്ള ഒമ്പത് അനുഗ്രഹങ്ങളിൽ ഓരോന്നിനും ഒരു പ്രതിഫലമുണ്ട്. ഉദാഹരണത്തിന്, നിങ്ങൾ ആത്മാവിൽ ദരിദ്രനാണെങ്കിൽ, സ്വർഗരാജ്യം നിങ്ങളുടേതാണ്. ഇതൊരു പ്രതിഫലമാണ്. നിങ്ങൾ വിലപിക്കുന്നുവെങ്കിൽ നിങ്ങൾ ആശ്വസിപ്പിക്കപ്പെടുകയും, നിങ്ങൾ സൗമ്യത ഉള്ളവനാണെങ്കിൽ ഭൂമിയെ അവകാശമാക്കുകയും ചെയ്യും. അങ്ങനെ ആശ്വാസവും ഭൂമിയും പ്രതിഫലങ്ങളാണ്. വാക്യം 12 അനുസരിച്ച്, ക്രിസ്തു നിമിത്തം ഉപദ്രവിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നവർക്കു വേണ്ടിയുള്ള പ്രതിഫലം വലുതാണ്. ഈ പ്രതിഫലത്തിന് ഒരു പേരു നൽകുക പ്രയാസമാണ്. ക്രിസ്തു നിമിത്തം നാം നിന്ദിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, നമ്മെക്കുറിച്ച് ദൂഷിച്ചതു പറയുകയും ചെയ്യുന്നുവെങ്കിൽ, സ്വർഗത്തിലുള്ള നമ്മുടെ പ്രതിഫലം വലുതാണ്: അത് നമ്മുടെ ഗ്രാഹ്യത്തിനും അപ്പുറമായി അത്ര വലുതാണ്. എബ്രായർ 13:13-ഉം, 1 പത്രൊസ് 4:14-ഉം, ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. എബ്രായർ 13:13 പറയുന്നു, "അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട് പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം." 1 പത്രൊസ് 4:14 പറയുന്നു, "നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു." നിന്ദയുടെ ഈ വിഷയം റോമർ 15:3-ലും സംസാരിച്ചിട്ടുണ്ട്. ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുന്നവർക്ക് ഒരു വലിയ പ്രതിഫലം കാത്തിരിക്കുന്നു. നാം ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകൃതത്തോടുകൂടെയുള്ള രാജ്യജനമായിരിക്കേണ്ടത് ആവശ്യമാണ്. അപ്പോൾ ക്രിസ്തു നിമിത്തം നിന്ദ സഹിക്കുവാൻ നാം പ്രാപ്തരായിരിക്കും.

## IV. രാജ്യജനത്തിന്റെ പ്രമാണത്തെ സംബന്ധിച്ച്

ഈ ദൂതിൽ 5:17-48-ലെ മലമേലുള്ള രാജാവിന്റെ വാക്കിന്റെ മൂന്നാമത്തെ ഭാഗത്തിലേക്ക് നാം വരുന്നു; അത് സ്വർഗരാജ്യത്തിലെ ജനത്തിന്റെ പ്രമാണത്തെ സംബന്ധിച്ചാണ്. സ്വർഗീയ രാജ്യത്തിന്റെ ഭരണഘടനയിൽ നിശ്ചയമായും പ്രമാണത്തിന്റെ വിഷയം ഉള്ളടങ്ങിയിരിക്കണം. കർത്താവായ യേശുവിന്റെ

സമയത്തിനുമുമ്പ് യിസ്രായേൽമക്കൾക്ക് മോശെയുടെ ന്യായപ്രമാണം ഉണ്ടായിരുന്നു. അവർക്ക് പ്രവാചകന്മാരും ഉണ്ടായിരുന്നു. പ്രവചനം എപ്പോഴും ന്യായപ്രമാണത്തിന് ഒരു സഹായമാണ്. ന്യായപ്രമാണം നിറവേറ്റുന്നതിൽ ജനം ബലഹീനരായിരിക്കുമ്പോൾ, ന്യായപ്രമാണം പാലിക്കേണ്ടതിന് അവരെ ബലപ്പെടുത്തുവാൻ പ്രവാചകന്മാർ കടന്നുവരേണ്ട ആവശ്യമുണ്ട്. അങ്ങനെ, ന്യായപ്രമാണത്തിന് അതിന്റെ നിറവേറലിനുവേണ്ടി പ്രവാചകന്മാരിലൂടെയുള്ള ബലപ്പെടുത്തൽ ആവശ്യമാകുന്നു. അതുകൊണ്ട്, പഴയനിയമത്തിൽ ന്യായപ്രമാണവും പ്രവാചകന്മാരും ഉണ്ടായിരുന്നു. ഇക്കാരണത്താലാണ് കർത്താവ് ന്യയപ്രമാണത്തെയും പ്രവാചകന്മാരെയുംകുറിച്ച് വാക്യം 17-ൽ സംസാരിച്ചത്.

## A. ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയുവാനല്ല, അവയെ നിവർത്തിക്കുവാൻ

വാക്യം 17 പറയുന്നു, "ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയുവാൻ ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ നിരൂപിക്കരുത്; നീക്കിക്കളയുവാനല്ല, നിവർത്തിക്കുവാനത്രേ ഞാൻ വന്നിരിക്കുന്നത്." ഇവിടെ ന്യായപ്രമാണം നിവർത്തിയാക്കുന്നത് മൂന്നു കാര്യങ്ങൾ അർഥമാക്കുന്നു: അനുലോമവശത്ത് ക്രിസ്തു ന്യായപ്രമാണം പാലിച്ചുവെന്നും, പ്രതിലോമവശത്ത് ക്രൂശിലുള്ള അവന്റെ പ്രതിപുരുഷാത്മകമായ മരണത്തിലൂടെ ക്രിസ്തു ന്യായപ്രമാണത്തിന്റെ അനുശാസനം നിറവേറ്റിയെന്നും, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന വാക്ക് തുടർച്ചയായി പ്രകടമാക്കുന്നതുപോലെ ഈ ഭാഗത്ത് അവൻ പഴയ പ്രമാണത്തെ തന്റെ പുതിയ പ്രമാണത്താൽ പൂർണ്ണമാക്കുന്നു എന്നുമാണ് (വാ. 22, 28, 32, 34, 39, 44).

ന്യായപ്രമാണത്തെ സംബന്ധിച്ച് രണ്ടു വശങ്ങളുണ്ട്: ന്യായപ്രമാണത്തിന്റെ കല്പനകളും ന്യായപ്രമാണത്തിന്റെ തത്ത്വവും. ന്യായപ്രമാണത്തിന്റെ കല്പനകൾ കർത്താവിന്റെ വരവിനാൽ നിറവേറുകയും പൂർണ്ണമാകുകയും ചെയ്യു; എന്നാൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് വിശ്വാസത്തിന്റെ തത്ത്വം ന്യായപ്രമാണത്തിന്റെ തത്ത്വത്തിനു പകരമായിത്തീർന്നു.

ക്രിസ്തു വരുന്നതിനുമുമ്പ് പ്രവാചകന്മാരിലൂടെ ബലപ്പെടുത്തപ്പെട്ട ന്യായപ്രമാണം ഉണ്ടായിരുന്നു. പിന്നെ എന്തുകൊണ്ടാണ് അപ്പോഴും സ്വർഗരാജ്യത്തിന്റെ പ്രമാണം ആവശ്യമായിരുന്നത്? അതിന്റെ കാരണം, പഴയ പ്രമാണത്തിന്റെ ആവശ്യകതകൾ അത്ര ഉന്നതമായിരുന്നില്ല എന്നതാണ്. പഴയപ്രമാണത്തിന്റെ അനുശാസനകൾ പൂർണ്ണമായിരുന്നില്ല. കൊലപാതകത്തിന്റെ ഉദാഹരണം എടുക്കുക. കൊല ചെയ്യരുതെന്ന് പഴയ പ്രമാണം

നമ്മോട് കല്പിക്കുന്നു (പുറ. 20:13), എന്നാൽ കോപത്തെക്കുറിച്ച് അത് ഒരു വാക്കും പറഞ്ഞില്ല. നിങ്ങൾ ഒരാളെ കൊല്ലുന്നുവെങ്കിൽ മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾ ശിക്ഷവിധിക്കപ്പെടും. എന്നാൽ ഒരുവനോട് എത്ര കോപമുള്ളവനായിരുന്നാലും, നിങ്ങൾ കൊല ചെയ്യാത്തിടത്തോളം, മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾ ശിക്ഷവിധിക്കപ്പെടുകയില്ല. ഇവിടെ പഴയ പ്രമാണത്തിന്റെ കുറവിനെ, അപൂർണ്ണതയെ, നാം കാണുന്നു. എന്നാൽ, സ്വർഗ രാജ്യത്തിന്റെ പ്രമാണത്തിന്റെ അനുശാസന മോശെയുടെ ന്യായപ്രമാണത്തിന്റേതിനെക്കാൾ വളരെ ഉന്നതമാണ്. സ്വർഗ രാജ്യത്തിന്റെ പ്രമാണമനുസരിച്ച് നമ്മുടെ സഹോദരന്മാരോട് കോപിക്കുന്നതിൽനിന്ന് നമ്മെ വിലക്കിയിരിക്കുന്നു. 21-ഉം 22-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "കൊല ചെയ്യരുത് എന്നും കൊല ചെയ്യുന്നവൻ ന്യായവിധിക്ക് വിധേയനാകും എന്നും പൂർവികരോട് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, തന്റെ സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് വിധേയനാകും." അതിനാൽ, സ്വർഗരാജ്യത്തിന്റെ പ്രമാണം പഴയ യുഗത്തിന്റെ പ്രമാണത്തെക്കാൾ ഉയർന്നതാണ്.

ഇതിന്റെ മറ്റൊരു ഉദാഹരണം വ്യഭിചാരത്തെ സംബന്ധിച്ച പ്രമാണമാണ്. പഴയ പ്രമാണം വ്യഭിചാരം ചെയ്യുന്നതിനെ വിലക്കി. എന്നാൽ പുതിയ പ്രമാണം മോഹിക്കേണ്ടതിന് അവളെ നോക്കുന്നതിൽനിന്നു വിലക്കുന്നു (വാ. 27-28). അങ്ങനെ, സ്വർഗരാജ്യത്തിന്റെ പ്രമാണത്തിന്റെ അടിസ്ഥാന തത്ത്വം അത് പഴയ പ്രമാണത്തെക്കാൾ ഉന്നതമാകുന്നു എന്നതാണ്. നാം പഴയ പ്രമാണത്തെ അസാധുവാക്കുന്നില്ല; അതിനെ ഉന്നതമാക്കുവാൻ നാം അതിനെ പൂർണ്ണമാക്കുന്നു. ഇക്കാരണത്താൽ, ന്യായപ്രമാണത്തെ നീക്കിക്കളയുവാനല്ല, അതിനെ നിവർത്തിക്കുവാൻ താൻ വന്നുവെന്ന് കർത്താവായ യേശു പറഞ്ഞു.

വാക്യം 17-ലെ "നിവർത്തിക്കുക" എന്ന പദത്തിന്റെ അർഥം അനേകം ക്രിസ്ത്യാനികൾ വേണ്ടുംവണ്ണം മനസ്സിലാക്കുന്നില്ല. നിരവധി വർഷങ്ങളുടെ പഠനത്തിലൂടെയും, നിരീക്ഷണത്തിലൂടെയും, അനുഭവത്തിലൂടെയും ഈ വാക്യത്തിലെ "നിവർത്തിക്കുക" എന്ന പദം മൂന്നു കാര്യങ്ങളെ അർഥമാക്കുന്നുവെന്നു കാണുവാൻ നമുക്ക് ഇടവന്നു.

### *1. അനുലോമവശത്ത് ന്യായപ്രമാണം പാലിക്കുന്നത്*

ഒന്നാമത്, ഇത് അർഥമാക്കുന്നത് **അനുലോമവശത്ത് ന്യായപ്രമാണം പാലിക്കുവാൻ ക്രിസ്തു വന്നു എന്നാണ്. അവൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ പഴയ പ്രമാണത്തിന്റെ ഓരോ**

വശവും അവൻ പാലിച്ചു. മറ്റാരുംതന്നെ പത്തു കല്പനകൾ ഒരിക്കലും പാലിച്ചിട്ടില്ല; കർത്താവായ യേശു അവയെ പൂർണ്ണമായി പാലിച്ചു. വളരെ അനുലോമമായ രീതിയിൽ അവൻ പഴയ യുഗത്തിന്റെ പ്രമാണത്തെ പാലിച്ചു.

### *2. ക്രൂശിലെ പ്രതിപുരുഷാത്മകമായ മരണത്തിലൂടെ പ്രതിലോമവശത്ത് ന്യായപ്രമാണത്തിന്റെ അനുശാസന നിവർത്തിക്കുന്നത്*

ക്രിസ്തു ന്യായപ്രമാണം പാലിച്ചതുകൊണ്ട്, അവൻ തികഞ്ഞവനായിത്തീർന്നു. അവന്റെ തികവ് നമുക്കുവേണ്ടി ക്രൂശിൽ മരിക്കുവാൻ അവനെ യോഗ്യനാക്കി. ഇതാണ് പ്രതിലോമപരമായ അർഥത്തിൽ ന്യായപ്രമാണം പലിക്കുക എന്നത്. ഇതാണ് ക്രിസ്തു ന്യായപ്രമാണം നിവർത്തിച്ച രണ്ടാമത്തെ രീതി. നാം എല്ലാവരും ന്യായപ്രമാണം പാലിക്കാതെ അതിനെ ലംഘിച്ചു. എന്നാൽ നമ്മുടെ ലംഘനങ്ങളോട് കർത്താവിന്റെ പ്രതിപുരുഷാത്മകമായ മരണം ഇടപെട്ടിരിക്കുന്നു. പ്രതിലോമവശത്ത് ന്യായപ്രമാണത്തിന്റെ അനുശാസന നിറവേറ്റുന്നതിന് നമുക്കുവേണ്ടി മരിച്ചുകൊണ്ട് അവൻ ക്രൂശിൽ നമുക്കു പകരക്കാരനായിരുന്നു.

### *3. പഴയ പ്രമാണത്തെ പുതിയ പ്രമാണത്താൽ പൂർണ്ണമാക്കുന്നത്*

ന്യായപ്രമാണത്തെ നിവർത്തിക്കുക എന്നത് തന്റെ പുതിയ പ്രമാണത്താൽ പഴയ പ്രമാണത്തെ ക്രിസ്തു പൂർണ്ണമാക്കുന്നതിനെയും അർഥമാക്കുന്നു. "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന വാക്കിനാൽ ഇത് പ്രകടമാകുന്നു (വാ. 22, 28, 32, 34, 39, 44). ക്രിസ്തുവിന്റെ ന്യായപ്രമാണപാലനം ക്രൂശിലുള്ള അവന്റെ പ്രതിപുരുഷാത്മകമായ മരണത്തിലൂടെ ന്യായപ്രമാണത്തിന്റെ അനുശാസന നിറവേറ്റുവാൻ അവനെ യോഗ്യനാക്കി. ക്രൂശിലെ തന്റെ പ്രതിപുരുഷാത്മകമായ മരണത്തിലൂടെ ക്രിസ്തു ന്യായപ്രമാണത്തിന്റെ അനുശാസന നിവർത്തിച്ചത് ന്യായപ്രമാണത്തെ പൂർണ്ണമാക്കുവാൻ, ന്യായപ്രമാണത്തെ നിറവോളം നിറയ്ക്കുവാൻ, പുനരുത്ഥാനജീവനെ കൊണ്ടുവന്നു. താണ പ്രമാണമായ പഴയ പ്രമാണം, അതിന്റെ പാലിക്കുന്ന-ആവശ്യകതയോടും ശിക്ഷിക്കുന്ന-അനുശാസനയോടുംകൂടെ കഴിഞ്ഞുപോയി. പിതാവിന്റെ മക്കളെന്ന നിലയിൽ രാജ്യജനം പിതാവിന്റെ നിത്യജീവനായ പുനരുത്ഥാനജീവനാൽ ഉന്നത പ്രമാണമായ പുതിയ പ്രമാണത്തെ ഇപ്പോൾ നിവർത്തിക്കുക മാത്രം ചെയ്താൽ മതി.

ക്രിസ്തുവിന്റെ പ്രതിപുരുഷാത്മകമായ മരണം പുനരുത്ഥാനജീവനെ കൊണ്ടുവന്നു. ഈ പുനരുത്ഥാനജീവൻ നമ്മിലേക്കു വരുമ്പോൾ ന്യായപ്രമാണത്തെ പൂർണ്ണമാക്കുകയെന്ന

അത്ഭുതകരമായ ജോലി ചെയ്യുവാൻ അതു പ്രാപ്തമാണ്. ഉന്നത പ്രമാണത്തെ നിവർത്തിക്കുവാൻ അതു നമ്മെ പ്രാപ്തരാക്കുന്നു. മറ്റുള്ളവരെ കൊലചെയ്യുന്നതിൽനിന്നു മാത്രമല്ല, പിന്നെയോ അവരോട് കോപിക്കുകയോ അവരെ വെറുക്കുകയോ ചെയ്യുന്നതിൽനിന്നുപോലും കാക്കപ്പെടുവാൻ നമ്മുടെ ഉള്ളിലുള്ള പുനരുത്ഥാന ജീവനാൽ നാം പ്രാപ്തരാണ്. ഈ പുനരുത്ഥാനജീവൻ സ്വാഭാവിക ജീവനെക്കാൾ വളരെ ഉയർന്നതാണ്, കാരണം അത് വാസ്തവത്തിൽ ദിവ്യജീവൻ, നിത്യജീവൻ, ഏറ്റവും ഉന്നത പ്രതലത്തിലുള്ള ജീവൻ ആണ്. നമ്മുടെ ഉള്ളിലുള്ള ഈ ഏറ്റവും ഉന്നത ജീവന് ഏറ്റവും ഉന്നത പ്രമാണത്തിന്റെ അനുശാസനകൾ നിറവേറ്റുവാൻ കഴിയും.

പുതിയനിയമത്തിൽ, രാജ്യത്തിന്റെ പുസ്തകമായ മത്തായി അനുശാസനകളുമായി ആദ്യം വരുന്നു. പിന്നീട് ജീവന്റെ പുസ്തകമായ യോഹന്നാൻ ഈ അനുശാസനകൾ നിറവേറ്റുവാനുള്ള ജീവനുമായി വരുന്നു. മത്തായി 5-ൽ നൽകിയിരിക്കുന്ന അനുശാസനകൾ നിറവേറ്റുവാൻ നമ്മുടെ സ്വാഭാവിക ജീവനാൽ നാം പ്രാപ്തരല്ല. എന്നാൽ ഉയർന്ന അനുശാസനകളെ സന്ധിക്കുവാൻ നമ്മെ പ്രാപ്തമാക്കുന്ന ഉന്നതമായ ജീവൻ നമുക്ക് യോഹന്നാന്റെ സുവിശേഷത്തിൽ ഉണ്ട്. യോഹന്നാനെ എല്ലാ ക്രിസ്ത്യാനികളും സ്നേഹിക്കുന്നുവെങ്കിലും, മത്തായിയെ അധികമാരും സ്നേഹിക്കുന്നില്ല. താൻ മത്തായിയെ സ്നേഹിക്കുന്നു എന്ന് ഒരു ക്രിസ്ത്യാനി പറയുന്നത് ഞാൻ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ എന്ന് സംശയിക്കുന്നു. മത്തായിയുടെ സുവിശേഷം വളരെയേറെ സങ്കീർണ്ണമാണെന്നും യോഹന്നാൻ വളരെ ലളിതമാണെന്നും നിങ്ങളിൽ ചിലർ പറഞ്ഞേക്കാം. ആദിയിൽ വചനം ഉണ്ടായിരുന്നു എന്നും, വചനം ദൈവമായിരുന്നു എന്നും, വചനം കൃപയും യാഥാർത്ഥ്യവും നിറഞ്ഞ ജഡമായിത്തീർന്നു എന്നും അതു പറയുന്നു (യോഹ. 1:1, 14). യോഹന്നാൻ 3:16 പോലെയുള്ള നിരവധി സുവർണ്ണ വാക്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. ഈ സുവിശേഷത്തിൽ വളരെ കുറച്ച് അനുശാസനകളും ആവശ്യകതകളും ഉണ്ടെങ്കിലും അവിടെ സമ്പന്നമായ ജീവസഹായമുണ്ട്. എങ്കിലും, പുതിയനിയമത്തിൽ യോഹന്നാനല്ല, മത്തായി ആദ്യം വരുന്നു. നമുക്ക് മത്തായിയെ മറികടന്നു പോകുവാൻ കഴിയുകയില്ല. എന്നിരുന്നാലും, ഇങ്ങനെ ചെയ്യുവാൻ നിരവധി ക്രിസ്ത്യാനികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പുതിയ വിശ്വാസികൾ മത്തായി വായിക്കരുതെന്ന് മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് എന്നെയും ഉപദേശിച്ചിട്ടുണ്ട്. ആദ്യം മത്തായി വായിക്കരുതെന്ന് ഞാനും പുതിയ വിശ്വാസികളോടു പറഞ്ഞിട്ടുണ്ട്. മത്തായി ഒന്നാം അധ്യായം അവർ ആദ്യം വായിക്കുന്നുവെങ്കിൽ വേദപുസ്തകം വായിക്കുന്നതിൽ അവർ നിരാശപ്പെടുമെന്നും അത്

വായിക്കുവാൻ വളരെ പ്രയാസമാണെന്ന് അവർ ചിന്തിക്കുമെന്നും ഞാൻ പറഞ്ഞു. തന്മൂലം, പുതിയ വിശ്വാസികൾ നാലാമത്തെ പുസ്തകമായ യോഹന്നാന്റെ സുവിശേഷത്തോടുകൂടെ തങ്ങളുടെ വായന ആരംഭിക്കുവാൻ ഞാൻ പറഞ്ഞു. അതിനുശേഷം മത്തായി വായിക്കാതെ, റോമാലേഖനമോ മറ്റു ചില പുസ്തകമോ വായിക്കുവാൻ ഞാൻ അവരോടു പറയുമായിരുന്നു. എന്നാൽ നാം മത്തായിയിലേക്ക് മടങ്ങിവരണം. മത്തായിക്ക് യോഹന്നാൻ ആവശ്യമാണ്, യോഹന്നാൻ മത്തായിക്കു വേണ്ടിയാണ്. മത്തായി രാജ്യത്തിന്റെ ഉന്നത അനുശാസനകൾ, യോഹന്നാനിൽ വെളിപ്പെടുത്തിയിരിക്കുന്ന ദിവ്യജീവനാൽ മാത്രം നിറവേറ്റുവാൻ കഴിയുന്ന അനുശാസനകൾ, നൽകുന്നു. മത്തായിയിൽ വെളിവാക്കിയിരിക്കുന്ന സ്വർഗരാജ്യത്തിന്റെ അനുശാസനകൾ നിറവേറ്റുന്നതിനായി യോഹന്നാന്റെ സുവിശേഷത്തിൽ കാണപ്പെടുന്ന ജീവസഹായം നാം സ്വീകരിക്കണം.

മോശെയുടെ ന്യായപ്രമാണം ഇല്ലാതാക്കാനല്ല പുതിയ രാജാവായ യേശു വന്നത്. മറിച്ച്, പഴയ പ്രമാണത്തിന്റെ നിലവാരം ഉയർത്തുന്നതിന് അവൻ വന്നു. ഇപ്പോൾ അനുശാസനയെ അത്യന്തം ഉയർത്തിയിരിക്കുന്നതുകൊണ്ട്, അത് ഇനിമേൽ പഴയ പ്രമാണമല്ല, പ്രത്യുത സ്വർഗരാജ്യത്തിന്റെ പുതിയ പ്രമാണമാണ്. രണ്ടു രീതിയിൽ ക്രിസ്തു പഴയ പ്രമാണത്തിന്റെ നിലവാരത്തെ ഉയർത്തി: പഴയ പ്രമാണത്തെ പൂർണ്ണമാക്കിക്കൊണ്ടും അതിനെ മാറ്റിക്കൊണ്ടും. 17 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ പഴയ പ്രമാണത്തിന്റെ പൂർണ്ണമാക്കൽ നാം കാണുന്നു. ന്യായപ്രമാണത്തിന്റെ മാറ്റം വാക്യം 31-ഓടുകൂടെ ആരംഭിക്കുന്നു. ഈ ദൂതിൽ പഴയ പ്രമാണത്തിന്റെ പൂർണ്ണമാക്കൽ മാത്രമേ നമുക്ക് ഉൾക്കൊള്ളിക്കുവാൻ കഴിയുകയുള്ളൂ.

വാക്യം 18 പറയുന്നു, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും നീങ്ങിപ്പോകുംവരെ സകലവും സംഭവിക്കുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയോ പുള്ളിയോ ഒരുവിധത്തിലും നീങ്ങിപ്പോകുകയില്ല." സഹസ്രാബ്ദരാജ്യത്തിനുശേഷം പഴയ ആകാശവും പഴയ ഭൂമിയും നീങ്ങിപ്പോകുകയും, പുതിയ ആകാശവും പുതിയ ഭൂമിയും കടന്നുവരുകയും ചെയ്യും (വെളി. 21:1; എബ്രാ. 1:11-12; 2 പത്രൊ. 3:10-13). ന്യായപ്രമാണത്തിൽ ഉള്ളടങ്ങുന്നത് സഹസ്രാബ്ദരാജ്യത്തിന്റെ അന്ത്യത്തോളം മാത്രമേ നീളുന്നുള്ളൂ; എന്നാൽ പ്രവാചകന്മാരിൽ ഉള്ളടങ്ങുന്നത് പുതിയ ആകാശവും പുതിയ ഭൂമിയുംവരെ നീണ്ടുനിൽക്കുന്നു (യെശ. 65:17; 66:22). ഇക്കാരണത്താലാണ് വാക്യം 17-ൽ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും പരാമർശിച്ചിരിക്കുന്നതും, എന്നാൽ വാക്യം 18-ൽ പ്രവാചകന്മാരെയല്ലാതെ, ന്യായപ്രമാണത്തെ മാത്രം പരാമർശിച്ചിരിക്കുന്നതും.

ന്യായപ്രമാണത്തിന്റെ നിറവേറൽ സഹസ്രാബ്ദത്തിന്റെ അവസാനംവരെ നിലനിൽക്കും; ആ സമയത്ത് ആകാശവും ഭൂമിയും നീങ്ങിപ്പോകും. അതു സംഭവിക്കുന്നതിനുമുമ്പ് പഴയ പ്രമാണത്തിന്റെ ഒരു വള്ളിയോ ഒരു പുള്ളിയോ അസാധുവാക്കപ്പെടുകയില്ല. എന്നാൽ പ്രവാചകന്മാരാൽ എഴുതപ്പെട്ടത് പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും എത്തിച്ചേർന്നുകൊണ്ട് സഹസ്രാബ്ദവും കടന്നുപോകുന്നു.

മൂന്നു രീതിയിൽ ക്രിസ്തു ന്യായപ്രമാണത്തെ നിവർത്തിച്ചു. അവൻതന്നെ ന്യായപ്രമാണം പാലിച്ചു. എങ്കിലും, നാം അതിനെ പാലിക്കാത്തതുകൊണ്ട് നമ്മുടെ ന്യായപ്രമാണലംഘനം നിമിത്തം അവൻ ക്രൂശിൽ മരിച്ചു. അവന്റെ പ്രതിപുരുഷാത്മക മരണം പുനരുത്ഥാനജീവനെ കൊണ്ടുവന്നു; അത് നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെട്ടിരിക്കുന്നു. അവന്റെ പുനരുത്ഥാന ജീവനാൽ പുതിയതും ഉയർന്നതുമായ പ്രമാണത്തിന്റെ അനുശാസനകൾ നിവർത്തിക്കുവാൻ നാം പ്രാപ്തരാണ്. ഈ മൂന്നു പടികളാൽ ക്രിസ്തു പഴയ പ്രമാണത്തെക്കാളധികം നിവർത്തിച്ചു. അവൻ അതിനെ പാലിക്കുകയും, അവൻ നമുക്കുവേണ്ടി മരിക്കുകയും, അവന്റെ മരണം പുതിയ പ്രമാണത്തിന്റെ അനുശാസനകൾ നിറവേറ്റുന്നതിനുവേണ്ടി നമ്മെ ബലപ്പെടുത്തുവാൻ പുനരുത്ഥാനജീവനെ നമ്മിലേക്ക് കൊണ്ടുവരുകയും ചെയ്തു. ഇന്ന് നാം താണ പ്രമാണത്തെ പാലിക്കുവാൻ ശ്രമിക്കുകയല്ല; മറിച്ച്, നമ്മിലുള്ള ഏറ്റവും ഉന്നതമായ ജീവനിലൂടെ ഉയർത്തപ്പെട്ട, ഉന്നത പ്രമാണത്തെ നാം പാലിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഏറ്റവും ഉന്നതമായ പ്രമാണത്തെ പാലിക്കുവാൻ നാം പ്രാപ്തരാണ്.

## B. ന്യായപ്രമാണത്തിലെ ഏറ്റവും ചെറിയ കല്പനപോലും പാലിക്കുന്നത് രാജ്യത്തിൽ വലിയവനായിരിക്കാനുള്ള നിബന്ധനയാകുന്നു

വാക്യം 19 പറയുന്നു, "ആകയാൽ ഈ കല്പനകളിൽ ഏറ്റവും ചെറിയ ഒന്നിനെ അസാധുവാക്കുകയും അങ്ങനെതന്നെ മനുഷ്യരെ ഉപദേശിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; എന്നാൽ അവയെ ആചരിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും." ഇവിടെ കല്പനകൾ എന്നത് വാക്യം 18-ലെ ന്യായപ്രമാണത്തെയാണ് പരാമർശിക്കുന്നത്. രാജ്യജനം ന്യായപ്രമാണം നിവർത്തിക്കുന്നുവെന്നു മാത്രമല്ല, ന്യായപ്രമാണത്തെ പൂർണമാക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അവർ ന്യായപ്രമാണത്തിലെ ഏതൊരു കല്പനയെയും, ഏറ്റവും ചെറിയ ഒന്നിനെപ്പോലും

അസാധുവാക്കുന്നില്ല. സ്വർഗരാജ്യത്തിൽ നാം വലിയവനോ ചെറിയവനോ ആയിരിക്കുന്നത് ന്യായപ്രമാണത്തിലെ ഏറ്റവും ചെറിയ കല്പനപോലും നാം പാലിക്കുന്നുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ന്യായപ്രമാണത്തിലെ ഏറ്റവും ചെറിയ കല്പനകൾ നാം പാലിക്കാതെ അവയെ അസാധുവാക്കുകയും അവയെ അസാധുവാക്കുവാൻ മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവരായിത്തീരുമെന്ന വസ്തുതയെ ഈ വാക്യത്തിൽ ക്രിസ്തു ഊന്നിപ്പറഞ്ഞു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, "നിങ്ങൾക്ക് സ്വർഗരാജ്യത്തിൽ വലിയവനായിരിക്കണമെങ്കിൽ, നിങ്ങൾക്ക് ഉന്നതമായ ധാർമിക നിലവാരം ഉണ്ടായിരിക്കണം. നിങ്ങളുടെ ധാർമികതയുടെ നിലവാരം പുതിയ പ്രമാണത്തിന്റെ നിലവാരത്തിൽ എത്തുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവനായിരിക്കും" എന്ന് കർത്താവു പറഞ്ഞതായി തോന്നുന്നു. മറ്റൊരു ജനത്തിന്റെയും ധാർമികത രാജ്യജനത്തിന്റേതുപോലെ ഉയർന്നതല്ല. നാം ജീവനുവേണ്ടി മാത്രം കരുതുന്നുവെന്നും ധാർമികതയ്ക്കുവേണ്ടി കരുതുന്നില്ലെന്നും ഒരിക്കലും ചിന്തിക്കരുത്. ജീവന് അതിന്റെ ആവിഷ്കാരം ഉണ്ടായിരിക്കണം; ഏറ്റവും ഉന്നതമായ ജീവന് ഏറ്റവും ഉന്നതമായ ആവിഷ്കാരമുണ്ട്. ധാർമികത എന്നത് കേവലം ജീവന്റെ ആവിഷ്കാരമാണ്. അങ്ങനെ, നിങ്ങൾക്ക് ഏറ്റവും ഉന്നതമായ ജീവനുണ്ടെങ്കിൽ, ഈ ജീവന്റെ ആവിഷ്കാരമെന്ന നിലയിൽ നിശ്ചയമായും നിങ്ങൾക്ക് ഏറ്റവും ഉന്നതമായ ധാർമികത ഉണ്ടായിരിക്കും. "കർത്താവേ, ജീവന്റെ ഏറ്റവും ഉന്നതമായ ആവിഷ്കാരം എനിക്കു പ്രദാനം ചെയ്യേണമേ. ധാർമികയുടെ ഏറ്റവും ഉന്നതമായ തലം ഉണ്ടായിരിക്കുവാൻ എന്നെ ഇടയാക്കേണമേ. കർത്താവേ, ഞങ്ങൾ ധാർമികതയുള്ള ജനം മാത്രമല്ല, രാജ്യജനവുമാണ്" എന്നു നാം പ്രാർഥിക്കണം.

രാജ്യത്തിന്റെ നിലവാരം ധാർമികതയുടെ നിലവാരത്തെക്കാൾ ഉന്നതമായതുകൊണ്ട് പഴയ പ്രമാണം പാലിക്കുന്നതിനെക്കാൾ കൂടുതൽ നാം ചെയ്യണം. ധാർമികതയുടെ നിലവാരമനുസരിച്ച് നാം കൊലചെയ്യുകയോ വ്യഭിചരിക്കുകയോ അരുത്. കൊലപാതകത്തിൽനിന്നും വ്യഭിചാരത്തിൽനിന്നും നാം വിട്ടുനിൽക്കുന്നുവെങ്കിൽ നാം ധാർമികതയുള്ള ജനമാണ്. എന്നാൽ അങ്ങനെയുള്ള ഒരു നിലവാരം രാജ്യത്തിന്റേതിനെക്കാൾ വളരെ താണതാണ്. സ്വർഗരാജ്യത്തിന്റെ നിലവാരമനുസരിച്ച്, നമ്മുടെ സഹോദരനോട് കോപിക്കുകയോ, മോഹിച്ചുകൊണ്ട് ഒരു സ്ത്രീയെ നോക്കുകയോ അരുത്. ഇത് ധാർമികതയുടെ നിലവാരമല്ല; ഇത് രാജ്യത്തിന്റെ നിലവാരമാണ്; ഇത് ധാർമികതയെക്കാൾ വളരെ ഉന്നതമാണ്. ധാർമികതയുടെ നിലവാരം പറയുന്നു, "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്" (പുറ. 21:24; ലേവ്യ. 24:20;

ആവ. 19:21). എന്നാൽ നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാനും, നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവാനും, ദുഷ്ടനെ ചെറുക്കരുതെന്നും രാജ്യത്തിന്റെ നിലവാരം നമ്മോടു പറയുന്നു (വാ. 44, 39). ആരെങ്കിലും നമ്മുടെ വലത്തെ കവിളിൽ അടിച്ചാൽ മറ്റേ കവിളും നാം അവന് തിരിച്ചുകൊടുക്കണം (വാ. 39). ഈ നിലവാരം ധാർമികതയുടെ നിലവാരത്തെക്കാൾ എത്രയധികം ഉന്നതമാണ്!

രാജ്യജനത്തിന് ധാർമികതയുടെ ഏറ്റവും ഉന്നത നിലവാരം ഉണ്ടായിരിക്കണമെന്നാണ് ഈ വാക്യങ്ങളിൽ ക്രിസ്തു ഊന്നിപ്പറയുന്ന നിർണ്ണായക കാര്യം. നാം ഈ കാര്യം കാണുന്നുവെങ്കിൽ, 5:17-48 മനസ്സിലാക്കുവാൻ നാം പ്രാപ്തരാണ്. നമുക്ക് ഏറ്റവും ഉന്നതമായ പ്രമാണവും, ഏറ്റവും ഉന്നതമായ ജീവനും, ഏറ്റവും ഉന്നതമായ നിലവാരവും ഉണ്ട്. ഏറ്റവും ഉന്നതമായ ജീവനാൽ നാം ഏറ്റവും ഉന്നതമായ പ്രമാണം നിവർത്തിക്കുകയും, നമുക്ക് ഏറ്റവും ഉന്നതമായ നിലവാരം ഉണ്ടായിരിക്കുകയും ചെയ്യുന്നു.

## C. കവിയുന്ന നീതി രാജ്യത്തിലേക്ക് പ്രവേശിക്കാനുള്ള നിബന്ധനയാകുന്നു

വാക്യം 20-ൽ രാജാവു പറഞ്ഞു, "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." കവിയുന്ന നീതി സഹസ്രാബ്ദത്തിലുള്ള സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കുന്നതിനുള്ള നിബന്ധനയാണ്. ഏറ്റവും ഉന്നത നിലവാരത്തിൽ ഏറ്റവും ഉന്നത പ്രമാണം പാലിക്കുന്നതിലൂടെ നാം സ്വർഗരാജ്യത്തിന്റെ വരാനിരിക്കുന്ന പ്രത്യക്ഷതയിലേക്ക് പ്രവേശിക്കുന്നതിനുള്ള നിബന്ധന നിറവേറ്റുന്നു.

നാം ദൈവമുമ്പാകെ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നാം സ്വീകരിക്കുന്ന ക്രിസ്തു ആയ വസ്തുനിഷ്ഠമായ നീതിയെയല്ല വാക്യം 20-ലെ നീതി പരാമർശിക്കുന്നത് (ഫിലി. 3:9; 1 കൊരി. 1:30; റോമ. 3:26). അതു പരാമർശിക്കുന്നത് ഇന്ന് രാജ്യത്തിന്റെ യാഥാർഥ്യത്തിൽ നാം ജീവിക്കുകയും ഭാവിയിൽ പ്രത്യക്ഷതയിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടതിന് നമ്മുടെ നീതിയായി നമ്മിലൂടെ ജീവിച്ചു വെളിപ്പെടുന്ന ഉൾവസിക്കുന്ന ക്രിസ്തു ആയ വ്യക്തിനിഷ്ഠമായ നീതിയെയാണ്. പഴയ പ്രമാണം കേവലം നിറവേറ്റുന്നതിലൂടെയല്ല, പിന്നെയോ ഇവിടെയുള്ള ഈ വേദഭാഗത്ത് പുതിയ രാജാവിനാൽ നൽകപ്പെട്ട പ്രമാണമായ, സ്വർഗരാജ്യത്തിന്റെ പുതിയ പ്രമാണത്തിന്റെ നിറവേറലിലൂടെ പഴയ പ്രമാണം പൂർത്തിയാക്കുന്നതിലൂടെയാണ് ഈ

വ്യക്തിനിഷ്ഠമായ നീതി പ്രാപിക്കുന്നത്. രാജ്യത്തിന്റെ പുതിയ പ്രമാണമനുസരിച്ചുള്ള രാജ്യജനത്തിന്റെ ഈ നീതി പഴയ പ്രമാണമനുസരിച്ചുള്ള ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതാണ്. നമ്മുടെ സ്വാഭാവിക ജീവന് ഈ കവിയുന്ന നീതിയെ നേടുന്നത് അസാധ്യമാണ്; ഒരു ഉയർന്ന ജീവനാൽ, ക്രിസ്തുവിന്റെ പുനരുത്ഥാനജീവനാൽ മാത്രമേ, ഇത് ഉളവാക്കുവാൻ കഴിയുകയുള്ളൂ. വിവാഹ വസ്ത്രത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്ന ഈ നീതി (22:11-12) കുഞ്ഞാടിന്റെ വിവാഹത്തിൽ (വെളി. 19:7-8) പങ്കെടുക്കുവാനും, സ്വർഗരാജ്യത്തെ അതിന്റെ പ്രത്യക്ഷതയിൽ അവകാശമാക്കുവാനും, അതായത്, ഭാവിയിൽ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുവാനും, നമ്മെ യോഗ്യതയുള്ളവരാക്കുന്നു.

ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതിന് നമ്മുടെ ജീവിതത്തിന്റെ പുതിയ ആരംഭമെന്ന നിലയിൽ വീണ്ടുംജനനം ആവശ്യമാണ് (യോഹ. 3:3, 5), എന്നാൽ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിന് വീണ്ടുംജനനത്തിനു ശേഷമുള്ള നമ്മുടെ ജീവിതത്തിൽ കവിയുന്ന നീതി ആവശ്യപ്പെടുന്നു. സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയെന്നാൽ ഇന്ന് അതിന്റെ യാഥാർഥ്യത്തിൽ ജീവിക്കുകയും, ഭാവിയിൽ അതിന്റെ പ്രത്യക്ഷതയിൽ പങ്കെടുക്കുകയും ചെയ്യുക എന്നാണ് അർഥമാക്കുന്നത്.

## D. കൊലപാതകത്തെ സംബന്ധിച്ച്

### *1. പഴയ പ്രമാണം—കൊല ചെയ്യരുത്*

വാക്യം 21 പറയുന്നു, "കൊല ചെയ്യരുത് എന്നും കൊല ചെയ്യുന്നവൻ ന്യായവിധിക്ക് വിധേയനാകും എന്നും പൂർവികരോട് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." പഴയ പ്രമാണം കൊല ചെയ്യരുതെന്ന കല്പനയായിരുന്നു. 21, 27, 33, 38, 43 എന്നീ വാക്യങ്ങളിലെ "നിങ്ങൾ കേട്ടിട്ടുണ്ട്" എന്നത് പഴയ യുഗത്തിന്റെ പ്രമാണമാണ്; എന്നാൽ 22, 28, 32, 34, 39, 44 എന്നീ വാക്യങ്ങളിലെ "ഞാൻ നിങ്ങളോടു പറയുന്നു" എന്നത് പഴയ യുഗത്തിന്റെ പ്രമാണത്തെ പൂർണ്ണമാക്കുന്ന, രാജ്യത്തിന്റെ പുതിയ പ്രമാണം ആണ്.

### *2. പൂർണ്ണമാക്കുന്ന പുതിയ പ്രമാണം— സഹോദരനോട് കോപിക്കാതിരിക്കുകയും, സഹോദരനെ നിന്ദിക്കാതിരിക്കുകയും, സഹോദരനെ കുറ്റംവിധിക്കാതിരിക്കുകയും ചെയ്യുന്നത്*

വാക്യം 22-ൽ രാജാവു പറഞ്ഞു, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, തന്റെ സഹോദരനോടു കോപിക്കുന്നവനെല്ലാം

ന്യായവിധക്കു വിധേയനാകും. തന്റെ സഹോദരനോട് റാക്കാ എന്നു പറയുന്നവൻ സൻഹെദ്രിന്റെ ന്യായവിധിക്കു വിധേയനാകും,; മോറേ എന്നു പറയുന്നവൻ തീയുടെ ഗെഹെന്നയ്ക്ക് വിധേയനാകും." പഴയ യുഗത്തിന്റെ ന്യായപ്രമാണം കൊലപാതകം എന്ന പ്രവൃത്തിയോട് ഇടപെടുന്നു; എന്നാൽ രാജ്യത്തിന്റെ പുതിയ പ്രമാണം കൊലപാതകത്തിനു ഹേതുവായ കോപത്തോട് ഇടപെടുന്നു. തന്മൂലം, രാജ്യത്തിന്റെ പതിയ പ്രമാണത്തിന്റെ ആവശ്യകത പഴയ യുഗത്തിന്റെ പ്രമാണത്തിന്റെ അനുശാസനയെക്കാൾ ആഴമുള്ളതാണ്. ഇവിടെ രാജാവിന്റെ വാക്ക് വിശ്വാസികളോടു സംസാരിച്ചതാണെന്ന് വാക്യം 22-ലെ "സഹോദരൻ" എന്ന പദം തെളിയിക്കുന്നു.

നമുക്ക് ചെയ്യുവാൻ ഏറ്റവും പ്രയാസമുള്ള കാര്യം നമ്മുടെ കോപത്തെ നിയന്ത്രിക്കുന്നതാണ്. ചിലർ വളരെ ശാന്തരായി കണക്കാക്കപ്പെടുന്നു, എന്നാൽ അവരുടെ സംയമനം നഷ്ടമായപ്പോൾ അവരുടെ കോപം വന്യമായ ഒരു കുതിരയെപ്പോലെയായിരുന്നു. നമ്മുടെ കോപം വിടുവിക്കപ്പെടുമ്പോൾ, ആർക്കും നമ്മെ കടിഞ്ഞാണിടാനോ നമ്മെ നിയന്ത്രിക്കാനോ കഴിയുകയില്ല. നിരവധി വർഷങ്ങളായി എന്റെ കോപമെന്ന പ്രശ്നം നിമിത്തം ഈ അധ്യായത്തിലൂടെ കടന്നുപോകുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.

മറ്റുള്ളവരെ നിന്ദിക്കാതിരിക്കുവാനും കുറ്റംവിധിക്കാതിരിക്കുവാനും നമുക്ക് വളരെ പ്രയാസമാണ്. നമ്മുടെ സഹോദരനോട് "റാക്കാ" എന്നോ "മോറേ" എന്നോ പറയുന്നതിനെക്കുറിച്ച് വാക്യം 22-ൽ കർത്താവ് സംസാരിക്കുന്നു. റാക്കാ എന്ന പദം അവിവേകി, ഒന്നിനും കൊള്ളാത്തവൻ എന്നീ അർഥങ്ങളുള്ള അവജ്ഞയെ സൂചിപ്പിക്കുന്ന ഒരു പദപ്രയോഗമാണ്. മോറേ, അതായത് മൂഢൻ എന്നത് ഒരു മത്സരിയെ സൂചിപ്പിക്കുന്ന നിന്ദ്യമായ ഒരു എബ്രായ പദപ്രയോഗമാണ് (സംഖ്യ. 20:10). ഈ പദപ്രയോഗം റാക്കാ എന്ന അവജ്ഞയുടെ പദപ്രയോഗത്തെക്കാൾ ഗൗരവമേറിയതാണ്. ഒരു സഹോദരനെ കുറ്റംവിധിക്കാതിരിക്കുന്നതോ അവനോട് അവജ്ഞ കാണിക്കാതിരിക്കുന്നതോ എത്ര പ്രയാസമാണ്! ആരെയെങ്കിലും കുറ്റംവിധിക്കാതെയോ നിന്ദിക്കാതെയോ ഒരാഴ്ചപോലും കഴിച്ചുകൂട്ടുവാൻ ഒരുപക്ഷേ നിങ്ങൾക്ക് കഴിഞ്ഞെന്നുവരില്ല. മിക്കവാറും എല്ലാ ദിവസവും നാം ഒന്നുകിൽ നിന്ദിക്കുകയോ അല്ലെങ്കിൽ കുറ്റംവിധിക്കുകയോ ചെയ്യുന്നു എന്നു തോന്നുന്നു. ഭർത്താക്കന്മാരും ഭാര്യമാരും അന്യോന്യം നിന്ദിക്കുകയും കുറ്റംവിധിക്കുകയും ചെയ്യുന്നു. ഒരു വ്യത്യാസവും ഇക്കാര്യത്തിൽ ഇല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതു ഭാര്യയും അവളുടെ ഭർത്താവിനെ നിന്ദിക്കുകയും കുറ്റംവിധിക്കുകയും, ഏതു ഭർത്താവും തന്റെ ഭാര്യയോട് അതേ കാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് ഒരു യഥാർത്ഥ പ്രശ്നമാണ്.

നിങ്ങൾ ഇതു വായിക്കുമ്പോൾ, നിങ്ങൾ ജയാളികളാണെന്ന്, രാജ്യജനമാണെന്ന് നിങ്ങൾക്ക് ഇപ്പോഴും പറയുവാൻ കഴിയുമോ? നിരാശപ്പെടരുത്. മറിച്ച്, പ്രോത്സാഹിതരാകുക. നമുക്ക് ജയിക്കുന്ന ഒരു ജീവനുണ്ടെന്ന് ഓർക്കുക. നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് രാജാവില്ലേ? നാം രാജ്യജനമാണ്, നമ്മുടെ ഉള്ളിൽ നമുക്ക് രാജാവുണ്ട്. ഈ രാജാവ് രാജകീയമായ, ജയിക്കുന്ന ജീവനാണ്. നിങ്ങളെത്തന്നെ നോക്കരുത്. നിങ്ങൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ, പൂർണ്ണമായി നിരാശപ്പെടും. നിങ്ങളെത്തന്നെ മറന്നുകൊണ്ട് നിങ്ങളുടെ ഉള്ളിലുള്ള രാജകീയ ജീവനെ നോക്കുക. ഈ ജീവനാണ് നമ്മെ രാജ്യജനമാക്കുന്നത്. നിങ്ങളുടെ സ്വാഭാവിക ജീവനെ മറക്കുകയും ഈ രാജകീയ ജീവനെ അനുഗമിക്കുകയും ചെയ്യുക.

Mon വാക്യം 22-ൽ മൂന്നു തരത്തിലുള്ള ന്യായവിധിയുണ്ട്. ഒന്നാമത്തേത് പ്രാദേശിക ന്യായവിധിയായ നഗരകവാടത്തിൽ വച്ചുള്ള ന്യായവിധിയാണ്. രണ്ടാമത്തേത് സൻഹെദ്രിന്റെ ന്യായവിധിയാണ്, അത് ഏറെ ഉന്നതമായ ന്യായവിധിയാണ്. മുഖ്യപുരോഹതന്മാരും, മൂപ്പന്മാരും, ന്യായശാസ്ത്രിമാരും, ശാസ്ത്രിമാരും ചേരുന്ന ഒരു ആലോചനാസമിതിയാണ് സൻഹെദ്രിൻ. ഇത് യെഹൂദന്മാരുടെ ഏറ്റവും ഉന്നതമായ കോടതിയാണ് (ലൂക്കൊ. 22:66; പ്രവൃ. 4:5-6, 15: 5:27, 34, 41). മൂന്നാമത്തേത് തീയുടെ ഗെഹെന്നയിലൂടെയുള്ള ദൈവത്തിന്റെ ന്യായവിധിയാണ്; അതാണ് ഏറ്റവും ഉന്നതമായ ന്യായവിധി. അവന്റെ ശ്രോതാക്കളെല്ലാം യെഹൂദന്മാരായതുകൊണ്ട് യെഹൂദ പശ്ചാത്തലത്തിലുള്ള പ്രതിരൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ മൂന്നു തരത്തിലുള്ള ന്യായവിധിയെ പുതിയ രാജാവ് പ്രസ്താവിച്ചു. എങ്കിലും, രാജ്യജനമായ പുതിയനിയമ വിശ്വാസികളെ സംബന്ധിച്ച് ഈ ന്യായവിധികളെല്ലാം 2 കൊരിന്ത്യർ 5:10; റോമർ 14:10, 12; 1 കൊരിന്ത്യർ 4:4-5; 3:13-15; മത്തായി 16:27; വെളിപ്പാട് 22:12; എബ്രായർ 10:27, 30 എന്നീ ഭാഗങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള കർത്താവിന്റെ ന്യായവിധിയെ പരാമർശിക്കുന്നു. പുതിയനിയമ വിശ്വാസികളോട് ദൈവം എന്നെന്നേക്കുമായി ക്ഷമിച്ചിരിക്കുന്നെങ്കിലും, ഇവിടെ നൽകിയിരിക്കുന്ന രാജ്യത്തിന്റെ പ്രമാണത്തിനെതിരെ അവർ പാപം ചെയ്യുന്നുവെങ്കിൽ, നിത്യനാശത്തിനല്ല, ശിക്ഷണത്തിനായി കർത്താവിന്റെ ന്യായവിധിക്ക് അവർ അപ്പോഴും വിധേയരാണെന്ന് ഇത് വ്യക്തമായി വെളിപ്പെടുത്തുന്നു. എങ്കിലും, രാജ്യത്തിന്റെ പുതിയ പ്രമാണത്തിനെതിരെ നാം പാപം ചെയ്യുമ്പോൾ, നാം മാനസാന്തരപ്പെടുകയും നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നുവെങ്കിൽ, നമ്മോടു ക്ഷമിക്കുകയും, കർത്താവായ യേശുവിന്റെ രക്തത്താൽ നാം ശുദ്ധീകരിപ്പെടുകയും ചെയ്യും (1 യോഹ. 1:7, 9).

തീയുടെ ഗെഹെന്നയെക്കുറിച്ച് പുതിയ രാജാവ് വാക്യം 22-ൽ സംസാരിക്കുന്നു. ഗെഹെന്ന എന്ന പദം എബ്രായ ഭാഷയിലെ *ഗേ-ഹിന്നോം* എന്നതിന്, ഹിന്നോം താഴ്‌വരയ്ക്ക്, സമാനമായ യവനപദമാണ്. ഇത് യെരൂശലേമിനടുത്തുള്ള ആഴമുള്ളതും ഇടുങ്ങിയതുമായ ഒരു താഴ്‌വരയും, കുറ്റവാളികളുടെ ശവശരീരങ്ങളും സകലവിധത്തിലുള്ള മാലിന്യങ്ങളും എറിഞ്ഞുകളയുന്ന നഗരത്തിലെ ചവർ ഇടുന്ന സ്ഥലവും ആയിരുന്നു. ഇതിനെ തോഫെറ്റ് അഥവാ തോഫെത് എന്നും വിളിച്ചിരുന്നു (2 രാജാ. 23:10; യെശ. 30:33; യിരെ. 19:13). ഇതിലെ നിരന്തരമായ തീ നിമിത്തം ഇത് നിത്യശിക്ഷയുടെ ഇടമായ തീപ്പൊയ്കയുടെ ഒരു ചിഹ്നമായിത്തീർന്നു (വെളി. 20:15). ഈ വാക്ക് മത്തായി 5:29, 30; 10:28; 18:9; 23:15, 33; മർക്കൊസ് 9:43, 45, 47; ലൂക്കൊസ് 12:5; യാക്കോബ് 3:6 എന്നീ വാക്യങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്.

### *a. ദൈവത്തിന് ഒരു ഉപഹാരം അർപ്പിക്കുന്നതിനുമുമ്പ് നിന്റെ സഹോദരനോട് നിന്നെത്തന്നെ നിരപ്പിക്കുന്നത്*

23-ഉം 24-ഉം വാക്യങ്ങൾ പറയുന്നു, "ആകയാൽ നീ യാഗപീഠത്തിന്മേൽ നിന്റെ ഉപഹാരം അർപ്പിക്കുകയും അവിടെവച്ച് നിന്റെ സഹോദരന് നിനക്കെതിരെ വല്ലതും ഉണ്ടെന്ന് നിനക്ക് ഓർമ വരുകയും ചെയ്താൽ, നിന്റെ ഉപഹാരം അവിടെ യാഗപീഠത്തിനു മുമ്പാകെ വച്ചിട്ട് ആദ്യം പോയി നിന്റെ സഹോദരനോട് നിരപ്പു പ്രാപിക്കുക, എന്നിട്ടു വന്ന് നിന്റെ ഉപഹാരം അർപ്പിക്കുക." പാപത്തിനുവേണ്ടിയുള്ള യാഗമെന്ന നിലയിൽ പാപത്തോട് ഇടപെടുന്നതിനുവേണ്ടിയാണ് യാഗം. എന്നാൽ ഒരു ഉപഹാരം ദൈവവുമായുള്ള കൂട്ടായ്മയ്ക്കു വേണ്ടിയാണ്. വാക്യം 23-ൽ പറഞ്ഞിരിക്കുന്ന യാഗപീഠം ആലയത്തിലെ പ്രാകാരത്തിലുള്ള ഒരു ഉപകരണമായിരുന്നു (പുറ. 27:1-8; 1 രാജാ. 8:64). അതിന്മേലായിരുന്നു എല്ലാ യാഗങ്ങളും ഉപഹാരങ്ങളും അർപ്പിച്ചിരുന്നത് (ലേവ്യ. 1:9, 12, 17). ഭൂമിയിലെ തന്റെ ശുശ്രൂഷയുടെ സ്ഥിതിമാറ്റത്തിന്റെ കാലഘട്ടത്തിൽ പഴയ യുഗത്തിന്റെ ആചാരപരമായ പ്രമാണം നിന്നുപോയിരുന്നില്ല എന്നതുകൊണ്ട് രാജ്യത്തിന്റെ പുതിയ പ്രമാണം വിളംബരം ചെയ്യുന്നതിൽ രാജാവ് ഇവിടെ പഴയ യുഗത്തിന്റെ ഉപഹാരത്തെയും യാഗപീഠത്തെയും പരാമർശിച്ചു. നാലു സുവിശേഷങ്ങളിൽ, തന്റെ മരണപുനരുത്ഥാനങ്ങൾക്കു മുമ്പ്, പരിതസ്ഥിതികളെ സംബന്ധിച്ച കാര്യങ്ങളിൽ, കർത്താവ് തന്റെ ശിഷ്യന്മാരെ പഴയ പ്രമാണമനുസരിച്ചുള്ള യെഹൂദന്മാരായി കരുതിപ്പോന്നു; എന്നാൽ ആത്മാവിനെയും ജീവനെയും സംബന്ധിച്ച കാര്യങ്ങളിൽ അവൻ അവരെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സഭയെ സംരചിക്കുന്ന വിശ്വാസികളായി പരിഗണിച്ചു.

വാക്യം 23-ലെ "നിനക്കെതിരെ വല്ലതും" എന്നത് വാക്യം 22-ലെ കോപത്തെയോ വഴക്കു പറയുന്നതിനെയോ ആയിരിക്കണം പരാമർശിക്കുന്നത്. വാക്യം 24 അനുസരിച്ച്, കുറ്റത്തെക്കുറിച്ചുള്ള നമ്മുടെ ഓർമ നീങ്ങിപ്പോകേണ്ടതിനും നമ്മുടെ മനഃസാക്ഷി കുറ്റമില്ലാത്തതായിരിക്കേണ്ടതിനും നമ്മുടെ സഹോദരനോട് നാം ആദ്യം നിരപ്പു പ്രാപിക്കണം. എന്നിട്ട് ഒരു നിർമല മനഃസാക്ഷിയോടുകൂടെ കർത്താവുമായി കൂട്ടായ്മ ആചരിക്കേണ്ടതിന് അവന്റെ അടുക്കലേക്കു വന്ന് അവന് നമ്മുടെ ഉപഹാരം അർപ്പിക്കാം. രാജ്യത്തിന്റെ യാഥാർഥ്യത്തെ പങ്കിടുവാനോ അതിന്റെ പ്രത്യക്ഷതയിൽ വാഴുവാനോ അന്യോന്യം നിരപ്പു പ്രാപിക്കാത്ത രണ്ടു സഹോദരന്മാരെ രാജ്യത്തിന്റെ രാജാവ് ഒരിക്കലും അനുവദിക്കുകയില്ല. കർത്താവിനെ ബന്ധപ്പെടുവാൻ നിങ്ങൾ വരുമ്പോൾ നിങ്ങൾക്കെതിരെ ഒരു സഹോദരനോ സഹോദരിക്കോ ഒരു പരാതിയുണ്ടെന്ന അനുഭൂതി നിങ്ങൾക്കുണ്ടെങ്കിൽ, കർത്താവുമായുള്ള നിങ്ങളുടെ കൂട്ടായ്മ നിർത്തിവച്ചിട്ട് ഈ വ്യക്തിയുടെ അടുക്കൽ പോയി നിരപ്പു പ്രാപിക്കണം. എന്നിട്ട് കർത്താവുമായുള്ള നിങ്ങളുടെ കൂട്ടായ്മ തുടരുവാൻ നിങ്ങൾ മടങ്ങിവരണം. ഇത് ഒരു ചെറിയ കാര്യമാണെങ്കിലും, ഇത് ചെയ്യുന്നത് എളുപ്പമല്ല. എന്നിരുന്നാലും നാം അതു ചെയ്യണം.

### *b. നിങ്ങൾ മരിക്കുന്നതിനുമുമ്പോ, നിങ്ങളുടെ പ്രതിയോഗി മരിക്കുന്നതിനുമുമ്പോ, കർത്താവ് മടങ്ങിവരുന്നതിനുമുമ്പോ*

25-ഉം 26-ഉം വാക്യങ്ങൾ പറയുന്നു, "വ്യവഹരിക്കുന്ന നിന്റെ പ്രതിയോഗിയോട് നീ അവനോടൊപ്പം വഴിയിൽ ഉള്ളപ്പോൾത്തന്നെ വേഗത്തിൽ ഇണങ്ങിക്കൊള്ളുക, അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ഉദ്യോഗസ്ഥനും ഏല്പിച്ചിട്ട് നീ കാരാഗൃഹത്തിലേക്ക് എറിയപ്പെടും. അവസാനത്തെ കൊദ്രാൻ കൊടുക്കുംവരെ നീ ഒരുവിധത്തിലും അവിടെനിന്ന് പുറത്തുവരികയില്ല എന്ന് സത്യമായി ഞാൻ നിന്നോടു പറയുന്നു." നാം മരിക്കുകയോ, നമ്മുടെ പ്രതിയോഗി മരിക്കുകയോ, കർത്താവു മടങ്ങിവരികയോ ചെയ്തിട്ട് അങ്ങനെ നമ്മുടെ പ്രതിയോഗിയുമായി നിരപ്പുപ്രാപിക്കാനുള്ള യാതൊരു അവസരവും അവശേഷിക്കാതിരിക്കേണ്ടതിന് നാം വേഗത്തിൽ നമ്മുടെ പ്രതിയോഗിയോട് ഇണങ്ങിക്കൊള്ളേണ്ടത് ആവശ്യമാണ്. "വഴിയിൽ ഉള്ളപ്പോൾ" എന്നത് നാം ഇപ്പോഴും ഈ ജീവിതത്തിൽ ജീവിക്കുന്നു എന്നു സൂചിപ്പിക്കുന്നു. ന്യായാധിപന് ഏല്പിക്കുന്നതും, ഉദ്യോഗസ്ഥന് ഏല്പിക്കുന്നതും, കാരാഗൃഹത്തിലേക്ക് എറിയപ്പെടുന്നതുമായ കാര്യം ക്രിസ്തു മടങ്ങിവരുമ്പോൾ അവന്റെ ന്യായാസനത്തിൽവച്ച് സംഭവിക്കും (2 കൊരി. 5:10; റോമ. 14:10). ന്യായാധിപൻ കർത്താവും,

ഉദ്യോഗസ്ഥൻ ദൂതനും, കാരാഗൃഹം ശിക്ഷണസ്ഥലവും ആയിരിക്കും. അവിടെനിന്നും പുറത്തുവരുന്നത്, അതായത്, കാരാഗൃഹത്തിൽനിന്നും പുറത്തുവരുന്നത് വരാനിരിക്കുന്ന യുഗമായ സഹസ്രാബ്ദത്തിൽ ക്ഷമ ലഭിക്കുന്നതാണ്.

വാക്യം 26-ൽ പറഞ്ഞിരിക്കുന്ന റോമാ കൊദ്രാൻ കുറച്ച് അണകൾക്കു തുല്യമായിരുന്ന, അസ്സരിയോനിന്റെ കാൽഭാഗത്തിനു തുല്യമായ ഒരു ചെറിയ പിച്ചള നാണയമാണ്. ഏറ്റവും ചെറിയ കാര്യത്തിൽപോലും നാം സമഗ്രമായ ഒരു കടംവീട്ടൽ നടത്തണമെന്നാണ് ഇവിടത്തെ അർഥം. ഇത് പുതിയ പ്രമാണത്തിന്റെ കർക്കശതയെ കാണിക്കുന്നു.

നാം മരിക്കുന്നതിനുമുമ്പോ, പ്രതിയോഗി മരിക്കുന്നതിനുമുമ്പോ, കർത്താവു മടങ്ങിവരുന്നതിനുമുമ്പോ, നമ്മുടെ പ്രതിയോഗിയുമായി നാം നിരപ്പുപ്രാപിക്കണം. ഇപ്പോൾ നാം യാതൊരു വിഷയത്തിനും ശ്രദ്ധ നൽകുന്നില്ലെങ്കിൽ, വരുന്ന യുഗത്തിൽ നാം അതിനോട് ഇടപെടേണ്ടിവരും. അടുത്ത യുഗത്തിനുവേണ്ടി കാത്തിരിക്കരുത്, കാരണം അപ്പോഴുള്ള ഇടപെടൽ കൂടുതൽ പ്രയാസകരമായിരിക്കും. നിങ്ങൾ മരിക്കുകയോ നിങ്ങളുടെ പ്രതിയോഗി മരിക്കുകയോ ചെയ്യുന്നതിനുമുമ്പ് ഏതു പ്രശ്നത്തിനും ഇപ്പോൾ ശ്രദ്ധനൽകുക. നിങ്ങൾ രണ്ടുപേരും ജീവിച്ചിരിക്കുമ്പോൾ അവനുമായി നിരപ്പുപ്രാപിക്കുവാൻ നിങ്ങൾക്ക് ഇപ്പോഴും അവസരമുണ്ട്. കൂടാതെ, നിങ്ങൾ കാത്തിരിക്കുമെങ്കിൽ, നിങ്ങൾ നിരപ്പുപ്രാപിക്കുന്നതിനുമുമ്പ് കർത്താവ് വന്നെന്നിരിക്കാം. ഒരുവശത്ത്, കർത്താവിന്റെ മടങ്ങിവരവ് ആശ്ചര്യകരമായിരിക്കും. മറുവശത്ത്, അത് ഗൗരവമുള്ളതായിരിക്കും, കാരണം ഈ യുഗത്തിലുള്ള പ്രശ്നങ്ങളോട് ഇടപെടാനുള്ള അവസരം അത് അടച്ചുകളയുകയും അടുത്ത യുഗത്തിൽ അവയോട് ഇടപെടുവാൻ നമ്മെ നിർബന്ധിക്കുകയും ചെയ്യും. അതുകൊണ്ട്, വരുന്ന യുഗത്തിനുമുമ്പ് ഏതു പ്രശ്നവും പരിഹരിക്കുന്നതാണ് ഏറ്റവും നല്ലത്. നാം മരിക്കുന്നതിനുമുമ്പോ, മറ്റേ കക്ഷി മരിക്കുന്നതിനുമുമ്പോ, കർത്താവു മടങ്ങിവരുന്നതിനുമുമ്പോ ഏതു പ്രശ്നത്തെയും കരുതിക്കൊള്ളണമെന്ന് ഇത് അർഥമാക്കുന്നു.

## E. വ്യഭിചാരത്തെ സംബന്ധിച്ച്

### *1. പഴയ പ്രമാണം — വ്യഭിചാരം ചെയ്യരുത്*

വാക്യം 27 പറയുന്നു, "വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." ഇത് പഴയ പ്രമാണത്തിലെ, വ്യഭിചാരം ചെയ്യരുതെന്ന കല്പനയാണ് (പുറ. 20:14; ആവ. 5:18).

## 2. പൂർണ്ണമാക്കുന്ന പുതിയ പ്രമാണം — മോഹിക്കുവാൻ വേണ്ടി നോക്കരുത്

വ്യഭിചാരത്തെ സംബന്ധിച്ച് പൂർണ്ണമാക്കുന്ന പുതിയ പ്രമാണത്തെ വാക്യം 28-ൽ കാണാം, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീയെ മോഹിക്കുവാൻവേണ്ടി അവളെ നോക്കുന്നവനെല്ലാം തന്റെ ഹൃദയത്തിൽ അവളോട് വ്യഭിചാരം ചെയ്തുകഴിഞ്ഞു." പഴയ യുഗത്തിന്റെ പ്രമാണം വ്യഭിചാരമെന്ന പുറമെയുള്ള പ്രവൃത്തിയോട് ഇടപെടുന്നു, എന്നാൽ രാജ്യത്തിന്റെ പുതിയ പ്രമാണം ഹൃദയത്തിലെ ആന്തരിക ഉദ്ദേശ്യത്തോട് ഇടപെടുന്നു.

### a. രാജ്യത്തോടുള്ള ബന്ധത്തിൽ ഇങ്ങനെയുള്ള ഒരു പാപത്തിന്റെ ഗൗരവത്തെ പരിഗണിക്കുന്നു

രാജ്യത്തോടുള്ള ബന്ധത്തിൽ ഇങ്ങനെയുള്ള ഒരു പാപത്തിന്റെ ഗൗരവത്തെ നാം പരിഗണിക്കണം. നമ്മുടെ കണ്ണ് ചൂഴ്ന്നെടുത്ത് അതിനെ നമ്മിൽനിന്നും എറിഞ്ഞുകളയുന്നതിനെയും നമ്മുടെ കൈ വെട്ടിമാറ്റി അതിനെ നമ്മിൽനിന്നും എറിഞ്ഞുകളയുന്ന തിനെയും കുറിച്ച് 29-ഉം 30-ഉം വാക്യങ്ങളിലുള്ള കർത്താവിന്റെ വാക്ക് ഈ പാപത്തിന്റെ ഗൗരവത്തെ ചൂണ്ടിക്കാണിക്കുന്നു. ഈ രണ്ടു വാക്യങ്ങളിലും കർത്താവു പറഞ്ഞു, "നിന്റെ ശരീരം മുഴുവനും ഗെഹെന്നയിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് കൂടുതൽ പ്രയോജനകരം ആകുന്നു." എങ്കിലും ഇത് അക്ഷരാർഥത്തിൽ പാലിക്കേണ്ടതല്ല; റോമർ 8:13-ലും കൊലൊസ്സ്യർ 3:5-ലും വെളിപ്പെ ടുത്തിയിരിക്കുന്നതുപോലെ ഇത് ആത്മികമായി മാത്രമേ നടപ്പാക്കുവാൻ കഴിയുകയുള്ളൂ. അക്ഷരീയമായ രീതിയിൽ ഈ വാക്കിനെ പ്രയോഗിച്ച ചിലരുടെ സംഭവങ്ങൾ എനിക്കറിയാം. ഈ സംഭവങ്ങളിൽ ഒന്ന്; ഈ വേദഭാഗം വായിച്ചതിനുശേഷം തന്റെ കൈ വെട്ടിമാറ്റിയ ഒരു ചൂതട്ടക്കാരന്റേതായിരുന്നു. ഒടുവിൽ, അവന്റെ കൈ വെട്ടിമാറ്റപ്പെട്ടുവെങ്കിലും, ചൂതാടാൻ ആഗ്രഹിക്കുന്ന ഒരു ആന്തരിക കൈ അവന്റെ ഉള്ളിൽ അപ്പോഴും ഉണ്ടായിരുന്നുവെന്ന് അവൻ കണ്ടെത്തി. അവന്റെ ഭൗതിക കൈ വെട്ടിമാറ്റിയത് പ്രയോജനം ചെയ്തില്ല എന്ന് അവൻ മനസ്സിലാക്കി, കാരണം പ്രശ്നം ഉള്ളിലുള്ള കയ്യോടുകൂടെയായിരുന്നു. ഈ വചനത്തെ അക്ഷരാർ ഥത്തിലല്ല എടുക്കേണ്ടതെങ്കിലും, ഇങ്ങനെയുള്ള ഒരു പാപത്തിന്റെ ഗൗരവത്തെ അതു വെളിപ്പെടുത്തുന്നു.

29-ഉം 30-ഉം വാക്യങ്ങളിലുള്ള കർത്താവിന്റെ വാക്കനുസരിച്ച് രക്ഷിക്കപ്പെട്ട വ്യക്തികൾ ഗെഹെന്നയിലേക്ക് എറിയപ്പെടുവാൻ സാധ്യമാണ്. രക്ഷിക്കപ്പെട്ടവർക്കുപോലും രണ്ടാം മരണത്താൽ ദോഷമുണ്ടാകാമെന്ന് ഇതു സൂചിപ്പിക്കുന്നു. വെളിപ്പാട് 2:11-ൽ

കർത്താവായ യേശു പറഞ്ഞു, "ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരുകയില്ല." ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ഗെഹെന്ന രണ്ടാം മരണമായ തീപ്പൊയ്കയുടെ ഒരു ചിഹ്നമാണ് (വെളി. 20:15). വെളിപ്പാട് 2:11-ലുള്ള കർത്താവിന്റെ വാക്ക് സൂചിപ്പിക്കുന്നത് വിശ്വാസികൾക്ക് രണ്ടാം മരണത്താൽ ദോഷം വരുന്നത് സാധ്യമാകുന്നു എന്നാണ്. വെളിപ്പാട് 2:11-ലുള്ള കർത്താവിന്റെ വാക്ക് മത്തായി 5:29-ഉം 30-മായി ചേർന്നുവരുന്നു. രക്ഷിക്കപ്പെട്ട ഒരുവനെന്ന നിലയിൽ, ഇത്തരത്തിലുള്ള ഒരു പാപത്തോട് ഇടപെടുന്നതിൽ നിങ്ങൾ ഗൗരവമുള്ളവനല്ലെങ്കിൽ, ഒരു ദിവസം നിങ്ങൾക്ക് രണ്ടാം മരണത്താൽ ദോഷം വരും. ഇവിടെ കർത്താവായ യേശു പറയുന്നതുപോലെ, നിങ്ങൾ ഗെഹെന്നയിലേക്ക് എറിയപ്പെടും. നിങ്ങൾ നശിച്ചുപോകുമെന്ന് ഇത് അർഥമാക്കുന്നില്ല; ഇത് അർഥമാക്കുന്നത് നിങ്ങളെ ശിക്ഷണവിധേയനാക്കുമെന്നാണ്. കൂടാതെ, തീയുടെ ഗെഹെന്ന കത്തോലിക്കാമതത്തിന്റെ മരണാന്തര ശുദ്ധീകരണസ്ഥലത്തെയല്ല പരാമർശിക്കുന്നത്. ഇന്ന് ഈ പാപത്തോട് ഇടപെടുന്നതിൽ നിങ്ങൾ ഗൗരവമുള്ളവനല്ലെങ്കിൽ കർത്താവായ യേശു മടങ്ങിവരുമ്പോൾ അവൻ നിങ്ങളുടെമേൽ തന്റെ ന്യായവിധി പ്രയോഗിക്കുമെന്ന് ഗെഹെന്നയെക്കുറിച്ചുള്ള ഈ വാക്ക് നിങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നു. (രണ്ടാം മരണത്താൽ ദോഷം ഭവിക്കുന്ന വിഷയത്തെക്കുറിച്ച് ഇനിയും അറിയുവാൻ വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനത്തിലെ പതിനൊന്നാമത്തെ ദൂത് കാണുക).

നാം കണ്ടതുപോലെ, വാക്യം 22-ൽ പറഞ്ഞിരിക്കുന്ന മൂന്നു തരത്തിലുള്ള ന്യായവിധികളും ക്രിസ്തുവിന്റെ ന്യായാസനത്തിങ്കലുള്ള ന്യായവിധിയെയാണ് പരാമർശിക്കുന്നത്. ഈ ന്യായവിധിക്ക് സഹസ്രാബ്ദത്തിനുശേഷം വലിയ വെള്ളസിംഹാസനത്തിൽ വച്ച് ന്യായംവിധിക്കപ്പെടുന്ന രക്ഷിക്കപ്പെടാത്തവരുമായി യാതൊരു കാര്യവുമില്ല (വെളി. 20:12, 15). രക്ഷിക്കപ്പെടാത്ത ആർക്കും കർത്താവിന്റെ മടങ്ങിവരവിലുള്ള ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ നിൽക്കുവാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല. ഈ ന്യായാസനത്തിനുമുമ്പിൽ നിൽക്കുവാൻ പ്രത്യക്ഷരാകുന്നവർ രക്ഷിക്കപ്പെട്ടവരായിരിക്കും. രക്ഷയുടെയോ നിത്യനാശത്തിന്റെയോ വിഷയത്തിനു വേണ്ടിയല്ല, മറിച്ച് പ്രതിഫലത്തിന്റെയോ ശിക്ഷയുടെയോ വിഷയത്തിനുവേണ്ടി വിശ്വാസികൾ അവിടെ ന്യായംവിധിക്കപ്പെടും.

ന്യായവിധിയെയും തീയുടെ ഗെഹെന്നയിലേക്ക് എറിയപ്പെടുന്നതിനെയും സംബന്ധിച്ച് കർത്താവു സംസാരിച്ച വാക്ക് ഗൗരവമേറിയ ഒരു വാക്കാണ്. ഇങ്ങനെയുള്ള ഒരു വാക്ക് നമ്മെ

സുബോധമുള്ളവരാക്കുകയും, ഇത്തരത്തിലുള്ള പാപത്തോട് ഇടപെടുന്നതിൽ അയഞ്ഞവരാകാതിരിക്കുകയും വേണം. ഈ പാപം അപ്രധാനമാണെന്ന് ഒരിക്കലും ചിന്തിക്കരുത്. പരസംഗത്തെ സംബന്ധിച്ച ഇന്നത്തെ സാഹചര്യം പരിതാപകരമാണ്. ഇതിനെക്കുറിച്ച് നാം ഒരിക്കലും അയഞ്ഞവരായിരിക്കരുത്. ഇത് എത്ര ഗൗരവമേറിയതാണെന്ന് കർത്താവിന്റെ തന്നെ വാക്ക് നമ്മെ കാണിക്കുന്നു. നാം സുബോധമുള്ളവരായിരിക്കുകയും വളരെ ഗൗരവമേറിയ രീതിയിൽ ഇതിനോട് ഇടപെടുകയും വേണം. എങ്കിലും, അക്ഷരീയമായ ഒരു രീതിയിൽ നമ്മുടെ അവയവങ്ങളോട് നാം ഇടപെടുന്നില്ല. മറിച്ച്, ക്രിസ്തുവിന്റെ ക്രൂശിനാൽ നമ്മുടെ പാപകരമായ അവയവങ്ങളെ നാം മരിപ്പിക്കണം. റോമർ 8:13 വെളിപ്പെടുത്തുന്നതുപോലെ, ആത്മാവിനാൽ നാം "ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുകയും," കൊലൊസ്സ്യർ 3:5 പറയുന്നതുപോലെ, നമ്മുടെ "ഭൂമിയിലുള്ള അവയവങ്ങളെ" നാം മരിപ്പിക്കുകയും വേണം. ഇതാണ് പാപകരമായ നമ്മുടെ അവയവങ്ങളോട് ഇടപെടാനുള്ള ശരിയായ രീതി.

*b. എന്തു വിലകൊടുത്തും ഇങ്ങനെയുള്ള പാപത്തിന്റെ പ്രേരണയെ അകറ്റിനിർത്തുക*

എന്തു വിലകൊടുത്തും ഇങ്ങനെയുള്ള പാപത്തിന്റെ പ്രേരണയെ നാം അകറ്റിനിർത്തണമെന്നും 29-ഉം 30-ഉം വാക്യങ്ങൾ സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ള പാപത്തിന്റെ പ്രവൃത്തിയെ മാത്രമല്ല, പ്രേരണയെയും അകറ്റിനിർത്തുവാൻ തക്കവണ്ണം നമ്മെ സുബോധമുള്ളവരാക്കുക എന്നതാണ് ഇവിടെ കർത്താവ് ഉദ്ദേശിക്കുന്നത്. ഇതു ചെയ്യുവാൻ നാം പരാജയപ്പെടുന്നുവെങ്കിൽ, അവൻ വരുമ്പോൾ തീയുടെ ഗെഹെന്നയിലേക്ക് അവൻ നമ്മെ ഇടും. ഇത് വളരെ സുബോധമുളവാക്കുന്ന ഒരു വാക്കാണ്.